**Kudumbashree**
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

4891/ഡി/2018/കെഎസ്എച്ച്ഒ 26.06..2018

## പരിപത്രം

വിഷയം:- **കുടുംബശ്രീ - പ്രത്യാശ പദ്ധതി** -മാർഗ്ഗനിർദ്ദേശങ്ങൾ- പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ച് വരുന്ന ഉപജീവന ഉപാധിയാണ് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബശ്രീ സ്ത്രീകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുകയും സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുകയും ആണ് പ്രത്യാശ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പ്രത്യാശ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ഉത്തരവാകുന്നു. ടി പദ്ധതി മാർഗ്ഗനിർദ്ദേശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

# പ്രത്യാശ പദ്ധതി – മാർഗ്ഗനിർദ്ദേശങ്ങൾ

**ആമുഖം**

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ച് വരുന്ന ഉപജീവന ഉപാധിയാണ് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബശ്രീ സ്ത്രീകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുകയും സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുകയും ആണ് പ്രത്യാശ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

**പ്രധാന ലക്ഷ്യങ്ങൾ**

1. സാമ്പത്തികവും സാമൂഹികപരവുമായ സ്ത്രീശാക്തീകരണവും ഉന്നമനവും
2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ അവരുടെ കഴിവിനൊത്ത വിധമുള്ള തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ദാരിദ്ര്യ ലഘൂകരണം സാധ്യമാക്കുകയും ചെയ്യുക.
3. നൂതനമായ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുക

**ഗുണഭോക്താക്കൾ**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന അശരണർ, വൃദ്ധർ, ഭിന്നലിംഗക്കാർ, ഗാർഹിക പീഡനത്തിനും അതിക്രമങ്ങൾക്കും ഇരയായവർ, അവിവാഹിതരായ അമ്മമാർ, കിടപ്പുരോഗികൾ/മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അവരുടെ സംരക്ഷകർ, വിധവകൾ, ആശ്രയ ഗുണഭോക്താക്കൾ, വികലാംഗർ, ബഡ്സ് സ്കൂൾ കുട്ടികളുടെ അമ്മമാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ

**ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. കുടുംബശ്രീ മിഷൻ നേരിട്ടോ വിവിധ ഏജൻസികൾ മുഖേനയോ നടത്തുന്ന വിവിധ വൈദഗ്ധ്യ വികസന പരിപാടികളിലും ഇ.ഡി.പി., പെർഫോമൻസ് ഇപ്രൂവ്മെന്റ് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ സന്നദ്ധതയുള്ള വരായിരിക്കണം. എന്നാൽ സംരംഭമേഖലയിൽ അഭിരുചിയും, കഴിവും,

പ്രാഗത്ഭ്യവുമുള്ള വനിതകൾക്ക് ശാരീരിക/മാനസിക അസ്വസ്തതകളാൽ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ സാധിക്കാത്തവരായിരിക്കുകയും ജില്ലാമിഷന് ടി വിഷയം ബോദ്ധ്യപ്പെടുകയും ചെയ്താൽ ടി വ്യക്തികൾക്ക് പരിശീലന പരിപാടികളിൽ നിന്നും ഇളവ് അനുവദിക്കാവുന്നതാണ്.

2. കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വം നേടി കുറഞ്ഞത് 4 മാസമെങ്കിലും പൂർത്തീകരിച്ചിരിക്കണം.

3. സംരംഭ രുപീകരണത്തിനുള്ള തൽപരതയുള്ളവരായിരിക്കണം

4. കുടുംബശ്രീ പ്രത്യാശ പദ്ധതി - മാർഗ്ഗനിർദ്ദേശ പ്രകാരം സംരംഭം നടത്താൻ സന്നദ്ധതയുള്ളവരായിരിക്കണം

5. **യോഗ്യത**

അശരണർ, അവിവാഹിതരായ അമ്മമാർ, അതിക്രമങ്ങൾക്കും ഗാർഹിക പീഡനത്തിനും ഇരയായവർ, ഭിന്നലിംഗക്കാർ, വിധവകൾ, രോഗികൾ, വികലാംഗർ, ബഡ്സ്സ്കൂൾ കുട്ടികളുടെ അമ്മമാർ, ആശ്രയ ഗുണഭോക്താക്കൾ എന്നീ മേഖലകളിൽ ഉൾപ്പെടുന്ന സ്ത്രീകൾക്ക് 18-60 വയസ്സ് വരെ പ്രായപരിധിയും എന്നാൽ വൃദ്ധരുടെ സൂക്ഷ്മസംരംഭം തുടങ്ങുന്നതിന് സംരംഭകയുടെ പ്രായപരിധി 52 വയസ്സുമുതൽ 80 വയസ്സ് വരെയുമായിരിക്കും. ശാരീരിക വെല്ലുവിളികളാൽ സ്വയംതൊഴിൽ ചെയ്യാൻ സാധിക്കാത്തതും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന രോഗികൾ/കിടപ്പുരോഗികൾ/ മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ വികലാംഗർ/ ആശ്രയ ഗുണഭോക്താക്കൾ എന്നിവരുടെ സംരക്ഷകരായ വനിതകൾക്ക് സൂക്ഷ്മസംരംഭം തുടങ്ങുന്നതിനുള്ള പ്രായപരിധി 18 മുതൽ 60 വയസ്സുവരെയായിരിക്കും. ഗുണഭോക്താക്കളുടെ പ്രായം ഏപ്രിൽ 1, 2018 മാനദണ്ഡമാക്കി കണക്കാക്കുന്നതായിരിക്കും.

**ആക്റ്റിവിറ്റി ഗ്രൂപ്പ് രുപീകരണവും, ഘടനയും**

1. ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ നിന്നോ, വ്യത്യസ്ത അയൽക്കൂട്ടങ്ങളിൽ നിന്നോ സംരംഭം ആരംഭിക്കാൻ താൽപ്പര്യപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ ഉൾപ്പെട്ട സ്ത്രീകളെയോ/അവരുടെ സംരക്ഷകരെയോ ഉൾപ്പെടുത്തി വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

2. സംരംഭങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് 3 മുതൽ 5 വരെയുള്ള അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പ് സംരംഭം ആരംഭിക്കാവുന്നതാണ്. ഇത് ജില്ലാമിഷൻ സംരംഭ സാധ്യതയും ആവശ്യകതയും കണക്കിലെടുത്ത് പരിഗണിക്കേണ്ടതാണ്. വ്യക്തിഗത സംരംഭങ്ങളും പ്രത്യാശ പദ്ധതിയിൽ ആരംഭിക്കാവുന്നതാണ്.

3. ഗ്രൂപ്പ് സംരംഭമാണെങ്കിൽ യൂണിറ്റിന്റെ പൊതു നടത്തിപ്പിന് യൂണിറ്റംഗങ്ങളിൽ നിന്നും രണ്ടുപേരെ സെക്രട്ടറി, പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കണം. യൂണിറ്റംഗങ്ങളുടെ താല്പര്യ പ്രകാരം ടി വ്യക്തികളെ തെരഞ്ഞെടുക്കേണ്ടതാണ്. സെക്രട്ടറി സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുന്ന വ്യക്തി കണക്കുകൾ എഴുതാനും സൂക്ഷിക്കാനും കഴിവുള്ള വ്യക്തിയായിരിക്കണം. ഓരോ വർഷവും യൂണിറ്റിന്റെ പ്രസിഡന്റ് സെക്രട്ടറി സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടത്തി പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും.

4. യൂണിറ്റിന്റെ പ്രവർത്തനം, ലാഭ-നഷ്ട വിഹിതങ്ങളുടെ ക്രമീകരണം, വേതന വിതരണം, വിറ്റുവരവ് കണക്ക്, സാമ്പത്തിക ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടത് സംബന്ധിച്ചും ഗ്രൂപ്പംഗങ്ങളുടെ ചുമതലകൾ സംബന്ധിച്ചും വ്യക്തമായ ധാരണ അംഗങ്ങൾ രൂപപ്പെടുത്തണം.

5. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ പൊതു നടത്തിപ്പ് ചുമതല ഗ്രൂപ്പ് സെക്രട്ടറിക്കും പ്രസിഡന്റിനുമാണെങ്കിലും, യൂണിറ്റിന്റെ സാമ്പത്തിക വിനിയോഗ പ്രവർത്തനങ്ങളിലും, ഭരണ നിർവ്വഹണത്തിലും, സംരംഭ ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും തുല്യ പങ്കാളിത്തവും, അവസരവും ഉണ്ടായിരിക്കണം. മാസത്തിലൊരിക്കൽ ഗ്രൂപ്പ് അംഗങ്ങൾ യോഗം വിളിച്ചുകൂട്ടേണ്ടതും യൂണിറ്റിന്റെ വിറ്റുവരവ് കണക്കുകൾ ചർച്ചചെയ്യേണ്ടതും യൂണിറ്റിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

6. ആക്റ്റിവിറ്റി ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും തുല്യ അധികാരവും അവകാശവും ബാധ്യതയും ഉണ്ടായിരിക്കും. ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും പ്രസിഡന്റ് സെക്രട്ടറി സ്ഥാനം വഹിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നത് സംരംഭകരുടെ നേതൃത്വപാടവം വളർത്തുന്നതിന് സഹായകരമായിരിക്കും.

7. എല്ലാ സംരംഭ യൂണിറ്റുകളും അതത് സിഡിഎസുകളിൽ 100 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് എം.ഇ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടതും അത് യൂണിറ്റുകളിൽ സൂക്ഷിക്കേണ്ടതുമാണ്.

*8.* എല്ലാ യൂണിറ്റംഗങ്ങളും യൂണിറ്റിന്റെ പൊതു നടത്തിപ്പ് സംബന്ധിച്ച് ധാര ണയുണ്ടാക്കി പരസ്പര ഉടമ്പടി നിർബന്ധമായും ഒപ്പുവയ്ക്കേണ്ടതാണ്. അതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു ***(അനുബന്ധം 1)***

*9.* സി.ഡി.എസ്സ്-യൂണിറ്റുകൾക്ക് യു.ഐ.ഡി നമ്പർ നൽകണം.

**പ്രത്യാശ പദ്ധതി രൂപീകരണ പ്രക്രിയ**

**ഗുണഭോക്തൃതിരഞ്ഞെടുപ്പിനും, പദ്ധതി പ്രചരണത്തിനുമുള്ള മാർഗ്ഗനിർദേശ ങ്ങൾ**

- ജില്ലാമിഷൻ സിഡിഎസ് ചെയർപേഴ്സൺമാരുടെ യോഗം വിളിച്ചുചേർക്കുകയും ടി യോഗത്തിൽ പ്രത്യാശ പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകേണ്ടതും യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പങ്കുവയ്ക്കേണ്ടതുമാണ്. തുടർന്ന് സിഡിഎസ് ചെയർപേഴ്സൺമാർ അതത് പഞ്ചായത്തുകളിൽ എ.ഡി.എസ് മാരുടെ യോഗം കൂടേണ്ടതും പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കേണ്ടതുമാണ്. എ.ഡി.എസ് തങ്ങളുടെ കീഴിലുള്ള അയൽക്കൂട്ടങ്ങളിൽ ടി വിവരം അറിയിക്കുകയും യോഗ്യരായ സംരംഭകരെ കണ്ടെത്തേണ്ടതുമാണ്.

- സിഡിഎസ്സ് തലത്തിൽ തയ്യാറാക്കുന്ന സിഡിഎസ് ആക്ഷൻപ്ലാനിൽ പ്രത്യാശ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കാൻ താല്പര്യം പ്രകടി പ്പിച്ച വ്യക്തികളെ ഉൾപ്പെടുത്തി സിഡിഎസ്സിന്റെ പങ്കാളിത്തത്തോടെ പ്രത്യേക ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം (ജി.ഒ.റ്റി) ബ്ലോക്ക്/ജില്ലാത ലത്തിൽ സംഘടിപ്പിച്ച് സംരംഭകരെ കണ്ടെത്താവുന്നതാണ്.

- അയൽക്കൂട്ടതലത്തിൽ സംരംഭ സാധ്യത ചർച്ച ചെയ്ത് പ്രത്യാശ പദ്ധ തി പ്രകാരം സ്വയം തൊഴിൽ രൂപീകരണത്തിന് താല്പര്യമുള്ളവരുടെ വിശദാംശങ്ങൾ ശേഖരിക്കാവുന്നതാണ്. വിശദാംശങ്ങൾ ശേഖരിക്കുന്ന തിനുള്ള ഫോർമാറ്റ് ***(അനുബന്ധം 2)*** ചേർത്തിട്ടുണ്ട്.

- ഗ്രൂപ്പ് സംരംഭകരെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ള ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് **സി.ഡി. എസ്. ചെയർപേഴ്സൺ,മെമ്പർ സെക്രട്ടറി** സാക്ഷ്യപ്പെടുത്തേണ്ടതാണ്. വിശദാംശങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോർമാറ്റ് ***(അനുബന്ധം 3)*** ചേർത്തിട്ടുണ്ട്.

- വ്യക്തിഗത സംരംഭങ്ങൾ യൂണിറ്റിന്റെ പൊതു നടത്തിപ്പ് സംബന്ധിച്ച് ധാരണയുണ്ടാക്കി **സി.ഡി. എസ്** മായി ഉടമ്പടി നിർബന്ധമായും ഒപ്പുവയ്ക്കേണ്ടതാണ്. അതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു ***(അനുബന്ധം 4)***

** സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സിഡിഎസ് ഉപസമിതി കൺവീനർ ഇതിന് നേതൃത്വം നൽകണം.*

**പരിശീലനം**

1. അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തൽപരരായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിനും, സംരംഭ മേഖല കണ്ടെത്തുന്നതിനും വിജയ സാധ്യതയുള്ളതാണോയെന്ന് വിശകലനം ചെയ്യുന്നതിനും കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സിഡിഎസിന്റെ പങ്കാളിത്തത്തോടെ ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ സ്പെഷ്യൽ ജനറൽ ഓറിയെന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടതാണ്.

2. ജില്ലാമിഷനിൽ സംരംഭങ്ങളുടെ ചുമതലയുള്ള എ.ഡി.എം.സി. (എം.ഇ) ഡിപിഎം എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ജനറൽ ഓറിയെന്റേഷൻ നടത്തേണ്ടതാണ്. ടി പദ്ധതിയിൽ സിഡിഎസ്സിന് ചുമതലയുള്ള എം.ഇ.സി.മാരെ ജി.ഒ.റ്റിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

3. ജി.ഒ.റ്റി സംബന്ധിച്ച് വിശദാംശങ്ങൾ പഞ്ചായത്ത് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ (പരിശീലന തീയതി, വേദി എന്നിവ സംബന്ധിച്ച്) പ്രദർശിപ്പിക്കേണ്ടതാണ്.

4. ജിഒറ്റിയിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് സിഡിഎസ്സിനും, എം.ഇ.സി.മാർക്കുമായിരിക്കും.

5. ജനറൽ ഓറിയെന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ സിഡിഎസിൽ സൂക്ഷിച്ചിട്ടുള്ള പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. സംരംഭവികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സിഡിഎസ് സബ്കമ്മറ്റി കൺവീനർക്കാണ് ഇതിന്റെ ഉത്തരവാദിത്വം.

6. ജനറൽ ഓറിയെന്റേഷൻ പരിശീലനങ്ങളിൽ പങ്കെടുത്തവരിൽ നിന്നും സംരംഭ രൂപീകരണത്തിനുള്ള ഉറച്ച താൽപര്യവും, അഭിവാഞ്ഛയും പ്രകടിപ്പിക്കുന്ന വർക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണം. പ്രത്യേക ജി.ഒ.റ്റി യിൽ നിന്നും സംരംഭകത്വത്തിലേയ്ക്ക് പോകാൻ താല്പര്യ പ്പെടുന്നവരുടെ പട്ടിക സിഡിഎസ് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാ ണ്.

7. ഇപ്രകാരം പട്ടികയിൽ ഉൾപ്പെട്ടവർക്ക് വൈദഗ്ദ്ധ്യ പരിശീലനം നൽകി പ്രത്യാശ പദ്ധതിയുടെ കീഴിൽ സ്വയം തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം.

8. പരമ്പരാഗത മേഖലയിൽ സംരംഭം നടത്തുന്ന വ്യക്തികൾക്ക് പ്രത്യാശ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ വൈദഗ്ദ്ധ്യ വിക സന പരിശീലനം നൽകി സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാ വുന്നതാണ്. (വൈദഗ്ദ്ധ്യ പരിശീലനം എംപാനൽ ചെയ്ത ഏജൻസികളിലൂടെ ലഭ്യമാക്കേണ്ടതാണ്.)

(*. ഓരോ വ്യക്തികളും ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭ മേഖലകൾക്കനുസൃതമായി വേണം സ്പെഷ്യൽ ജി.ഒ.റ്റി. സംഘടിപ്പിക്കേണ്ടത്. സ്പെഷ്യൽ ജി.ഒ.റ്റി. നടത്തുന്നതിന് മുമ്പായി ടി സംരംഭത്തിന്റെ വിജയസാധ്യത സംബന്ധിച്ച റിപ്പോർട്ട് (നിലവിൽ ഈ മേഖലയിൽ പ്രസ്തുത സിഡിഎസ്സിലുള്ള സംരംഭങ്ങളുടെ എണ്ണം, അവരുടെ വിപണന രീതി, സംരംഭങ്ങളുടെ ലാഭനഷ്ട സ്ഥിതി വിവരം എന്നിവ) എം.ഇ.സി.മാരിൽ നിന്നോ എം.ഇ. ഡാറ്റാബേസിൽ നിന്നോ ശേഖരിക്കേണ്ടതും ആയത് ഗുണഭോക്താക്കളുടെ പരിഗണനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ടി ജിഒറ്റിയിൽ സാധ്യതയുള്ള ഇതര സംരംഭങ്ങളെ സംബന്ധിച്ച വിവരം ലഭ്യമാക്കണം. കുടുംബശ്രീ വെബ് സൈറ്റിലെ എം.ഇ. ഫോട്ടോ ഗാലറിയിൽ നിന്നും ഓരോ ജില്ലയിലെയും വൈവിധ്യമാർന്ന സംരംഭങ്ങൾ പരിചയപ്പെടുത്തണം. ഇത്തരത്തിൽ അനുയോജ്യമായ സംരംഭ മേഖല തെരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകണം.)

**1. പ്രോജക്ട് – പദ്ധതി തുക**

1. വ്യക്തിഗത സംരംഭം - സംരംഭം ആരംഭിക്കുന്നതിന് പരമാവധി 50,000/- രൂപ പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ടായി ലഭിക്കും.

2. ഗ്രൂപ്പ് സംരംഭം - ഒരംഗത്തിന് 50,000/- രൂപ എന്ന നിലയിൽ പരമാവധി 2.5ലക്ഷം രൂപ ലഭിക്കും.

3. പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ടായി നൽകുന്ന തുക സംസ്ഥാന പ്ലാൻ ഫണ്ടിലെ ME 01 ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

## 2. പ്രോജക്ട് രൂപീകരണം

1. സംരംഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി കഴിഞ്ഞാൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.

2. കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ, സഹായം പ്രോജക്ട് രൂപീകരണ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ഇവർക്കുള്ള ഹോണറേറിയം എം.ഇ.സി. മാർഗ്ഗ നിർദ്ദേശ പ്രകാരം നൽകേണ്ടതാണ്.

### പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ***(അനുബന്ധം 5)***
2. അംഗം/അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ - പേര് പ്രത്യേകം രേഖപ്പെടുത്തിയത്
3. എഡിഎസ്/സിഡിഎസ് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ വ്യക്തികളുടെ വിവരങ്ങൾ - അയൽക്കൂട്ടാംഗത്വം, ക്ലേശ ഘടകങ്ങൾ, ത്രിഫ്റ്റ് എന്നിവ സംബന്ധിച്ച്
4. തിരിച്ചറിയൽ രേഖയുടെ പകർപ്പ് (ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/ആധാർ, ത്രിഫ്റ്റ് പാസ് ബുക്കിന്റെ കോപ്പി)
5. റേഷൻ കാർഡിന്റെ പകർപ്പ്
6. വൈദഗ്ദ്ധ്യ പരിശീലന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (എല്ലാ അംഗങ്ങളുടെയും) വൈദഗ്ദ്ധ്യ പരിശീലനത്തിൽ നിന്ന് ഇളവ് കിട്ടിയ സംരംഭകർ ജില്ലാമിഷൻ കോ-ഓർഡിനേറ്ററിന്റെ പരിശീലനത്തിൽ നിന്ന് ഇളവ് നൽകി എന്ന് സാക്ഷ്യപ്പെടുത്തിയ കത്ത് ലഭ്യമാക്കേണ്ടതാണ്.
7. സിഡിഎസ്സിന്റെ ശുപാർശ - മെമ്പർ സെക്രട്ടറി ഒപ്പുരേഖപ്പെടുത്തിയത്

3. **പ്രോജക്ട് അംഗീകരിക്കുന്നതിനുള്ള നടപടിക്രമം.**

1. പ്രോജക്ടിന്റേയും മേൽപ്പറഞ്ഞിട്ടുള്ള രേഖകളുടെ മൂന്ന് സെറ്റ് കോപ്പികൾ തയ്യാറാക്കണം.

2. വിശദമായ പ്രോജക്ടും, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളോടൊപ്പം സംരംഭകർ സിഡിഎസിന് സമർപ്പിക്കണം.

3. പ്രോജക്ട് റിപ്പോർട്ടുകളിൽ എന്തെങ്കിലും അപാകത കാണുന്ന പക്ഷം ന്യൂനതാ നിവാരണത്തിനായി ബന്ധപ്പെട്ട യൂണിറ്റിനെ തിരിച്ചേൽപ്പിക്കണം. സിഡിഎസിന് ലഭിക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സിഡിഎസിൽ സൂക്ഷിക്കേണ്ടതാണ്. പ്രോജക്ടിന്റെ ഒരു സെറ്റ് കോപ്പി സിഡിഎസിൽ സൂക്ഷിക്കണം.

**മറ്റ് നിർദ്ദേശങ്ങൾ**

1. സംരംഭം ആരംഭിക്കുന്നതിന് യൂണിറ്റുകൾക്ക് ആവശ്യമായ പിന്തുണാ സഹായം സിഡിഎസ് എം.ഇ.സി.മാരുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.

2. സംരംഭ രൂപീകരണത്തിന്റെ പ്രവർത്തന പുരോഗതി ഓരോ മാസവും അതാത് ജില്ലാമിഷനിൽ എം.ഇ. ചുമതലയുള്ള ഡിപിഎം/ബിസി സന്ദർശിച്ച് വിലയിരുത്തേണ്ടതാണ്. സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് ജില്ലാമിഷൻ എം.ഇ. ചുമതലയുള്ള എഡിഎംസിക്ക് ലഭ്യമാക്കേണ്ടതാണ്. തുടർച്ചയായി 3 മാസം പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യാത്ത യൂണിറ്റുകളിൽ എഡിഎംസി (എംഇ) നേരിട്ട് സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. തുടർന്നും പ്രവർത്തനരഹിതമായി നിലനിൽക്കുന്ന യൂണിറ്റുകൾക്ക് കുടുംബശ്രീ സൂക്ഷ്മസംരംഭ ധനസഹായം ഒരു വർഷക്കാലത്തേയ്ക്ക് നൽകേണ്ടതില്ല.

3. ബന്ധപ്പെട്ട ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ട് അനുവദിക്കേണ്ടത്. സ്റ്റാർട്ട് അപ് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കോപ്പി സിഡിഎസിനും, ആക്റ്റിവിറ്റി ഗ്രൂപ്പിനും നൽകേണ്ടതാണ്. പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്.

4. ഓരോ മാസവും സംരംഭകർക്ക് അനുവദിച്ച പ്രത്യാശ സ്റ്റാർട്ട്അപ് ഫണ്ടിന്റെ റിപ്പോർട്ട് സംസ്ഥാനമിഷന് ലഭ്യമാക്കേണ്ടതാണ്.

**അപേക്ഷിക്കേണ്ട വിധം**

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം നിശ്ചിത അപേക്ഷാ ഫോറത്തിൽ സംരംഭകർ ബന്ധപ്പെട്ട സിഡിഎസ് മുഖേന അപേക്ഷ ജില്ലാമിഷനിൽ സമർപ്പിക്കണം. വിശദമായ പരിശോധനയ്ക്ക് ശേഷം ജില്ലാമിഷൻ കോർഡിനേറ്റർക്ക് പ്രോജക്ടുകൾ വിശകലനം നടത്തി പ്രൊപ്പോസലുകൾ അംഗീകരിക്കാവുന്നതാണ്.

**മോണിറ്ററിംഗ്**

സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ സഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ജില്ലാമിഷൻ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്. താഴെപ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ജില്ലാമിഷൻ ഉറപ്പു വരുത്തേണ്ടതാണ്.

1. യൂണിറ്റിന്റെ പ്രാരംഭഘട്ട പ്രവർത്തനത്തിനാവശ്യമായ എല്ലാ പിന്തുണയും, സഹായങ്ങളും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ/സിഡിഎസ് വഴി ലഭ്യമാക്കുന്നു.

2. സംരംഭം ആരംഭിച്ച യൂണിറ്റുകളുടെ വിശദാംശങ്ങൾ സിഡിഎസ് സൂക്ഷിക്കുന്നു

3. പ്രത്യാശ സ്റ്റാർട്ട്അപ് ഫണ്ട് ലഭ്യമാകേണ്ട യൂണിറ്റുകളുടെ അപേക്ഷ സിഡിഎസ് ജില്ലാമിഷന് ലഭ്യമാക്കുന്നു.

4. യൂണിറ്റുകൾക്കുള്ള പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ട് കൃത്യസമയത്ത് ലഭ്യമാക്കൽ.

5. പ്രത്യാശ സ്റ്റാർട്ട്അപ് ഫണ്ട് ലഭ്യമായി 15 ദിവസത്തിനകം യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നു

6. പ്രവർത്തനം മന്ദീഭവിച്ചതോ, നിർജ്ജീവമായതോ ആയ യൂണിറ്റുകളുടെ വിശദാംശങ്ങൾ സിഡിഎസ് ജില്ലാമിഷന് ലഭ്യമാക്കുന്നു. ഈ യൂണിറ്റുകളെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ജില്ലാമിഷൻ സ്വീകരിക്കേണ്ടതാണ്.

7. കാസ്സ് യൂണിറ്റുകളിലൂടെ യൂണിറ്റിന്റെ വാർഷിക ഓഡിറ്റ് നടത്തേണ്ടതാണ്. കാസ്സ് യൂണിറ്റുകൾക്കുള്ള ഓഡിറ്റ് ഫീസ് സംരംഭകരിൽ നിന്നും ഈടാക്കേണ്ട

താണ്. സംസ്ഥാനമിഷൻ അതാത് കാലത്ത് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള തുകയാണ് ഓഡിറ്റ് ഫീസായി നൽകേണ്ടത്.

8. യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് എം.ഇ.സി.മാരിൽ നിന്നും ശേഖരിക്കൽ, എം.ഇ. ഡാറ്റാബേസ് നാളിതീകരിക്കൽ

9. ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ആന്തരിക പ്രശ്നങ്ങളും, പരാതികളും, സംരംഭ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കൽ. (സിഡിഎസ് തലത്തിൽ സംരംഭ വികസന പ്രവർത്തനങ്ങളുടെ ചുമതലയുള്ള സബ്കമ്മറ്റി കൺവീനർമാരുടെ നേതൃത്വത്തിൽ പ്രത്യേക പരാതി പരിഹാര സംവിധാനങ്ങൾക്ക് രൂപം നൽകേണ്ടതാണ്).

10. സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തി തുടർ പരിശീലനം, സാമ്പത്തിക സഹായം, വിപണനം ലഭ്യമാക്കൽ

11. പ്രത്യാശ സ്റ്റാർട്ട് അപ് ഫണ്ട് അനുവദിച്ച് 6 മാസത്തിനുള്ളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സംരംഭകരിൽ നിന്ന് ലഭ്യമാക്കേണ്ടതും ആയത് ജില്ലാമിഷൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. എം.ഇ. ചുമതലയുള്ള എ.ഡി.എം.സി.(എം.ഇ) ടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (ബില്ലുകളുടെ കോപ്പികൾ സഹിതം ഹാജരാക്കിയത്) പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എം.ഇ.)**

*അനുബന്ധം 1*

*അനുബന്ധം 1*

## പ്രത്യാശ പദ്ധതി പ്രകാരമുള്ള സൂക്ഷ്മ സംരംഭങ്ങളിലെ അംഗങ്ങൾ തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ ഫോർമാറ്റ്

ഈ ഉടമ്പടി .................... ൽ നിലവിൽ വരുന്നതും .............. ഗ്രൂപ്പിലെ ............ അംഗങ്ങൾ തമ്മിലുള്ള ആന്തരിക പരസ്പര ഉടമ്പടിയുമായിരിക്കും. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന അംഗങ്ങൾ

1. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

2. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

3. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു..

4.

5.

എന്ന എല്ലാവരും തന്നെ ........................ എന്ന ഗ്രൂപ്പിലുള്ള അംഗങ്ങളാണെന്നും ഇതിനാൽ (പ്രത്യാശ പദ്ധതി പ്രകാരമുള്ള ഈ സംരംഭം) ................... ഗ്രൂപ്പ് എന്ന് അറിയപ്പെടുകയും ചെയ്യുന്നതാണ്. ഈ ഗ്രൂപ്പിലെ അംഗങ്ങൾ എല്ലാവരും തന്നെ ............................ പഞ്ചായത്തിലേയും ..................... താലൂക്കിലേയും ആണെന്നും ഇതിൽ എല്ലാവരും പരസ്പരം അടുത്തറിയുന്നവരാണെന്നും ഇതിനാൽ

പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഗ്രൂപ്പിലെ അംഗങ്ങളായ ഞങ്ങൾ സ്വമനസ്സാലെ സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനായും അതേത്തുടർന്നുള്ള നേട്ടങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾക്കനുസരണമായി അംഗങ്ങളുടെ പൊതുവായ ക്ഷേമത്തിനു വേണ്ടി മാറ്റി വയ്ക്കുകയും ചെയ്യുന്നതാണ്.

**പൊതുവായ നിബന്ധനകൾ**

1. ഈ ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ഗ്രൂപ്പ് സംരംഭത്തിനു വേണ്ടി .................. തുക വിഹിതമായി നൽകുന്നതാണ്.

2. എല്ലാ അംഗങ്ങളും ഈ സംരംഭത്തിന്റെ പരിപൂർണ്ണ വിജയത്തിനായി അക്ഷീണം പരിശ്രമിക്കുകയും ഒരുതരത്തിലും സംരംഭത്തിന്റെ വളർച്ചയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ പ്രവർത്തിക്കുകയില്ല എന്ന് ഇതിനാൽ ഉറപ്പുനൽകുന്നു

3. എല്ലാ അംഗങ്ങളും സൂക്ഷ്മ സംരംഭത്തിന്റെ കടബാധ്യതകളും മറ്റുത്തരവാദിത്വങ്ങളും തുല്യമായി ഏറ്റെടുക്കുന്നതായിരിക്കും.

4. സംരംഭത്തിനോട് ബന്ധപ്പെട്ട എല്ലാവിധ വസ്തുവകകളും മറ്റു സാധനങ്ങളും (നീക്കാൻ പറ്റുന്നതും അല്ലാത്തതും) സംരംഭത്തിലെ എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതായിരിക്കുകയും എന്നാൽ ഇതിന്റെ നടത്തിപ്പ് ചുമതലകൾ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരാളിൽ പരിപൂർണ്ണമായി നിക്ഷിപ്തമായിരിക്കുകയും ചെയ്യുന്നതാണ്.

5. സൂക്ഷ്മ സംരംഭത്തിന്റെ ദൈനംദിന ചുമതലകളും, മറ്റുള്ള ചുമതലകളും വിജയകരമായി നിർവ്വഹിക്കുന്നതിനായി ഗ്രൂപ്പംഗങ്ങളെ പൊതു തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കാവുന്നതാണ്. ഈ അംഗങ്ങളെ ഭൂരിപക്ഷ വോട്ടെടുപ്പിലൂടെ മാത്രമേ അവരുടെ ചുമതലകളിൽ നിന്നും ഒഴിവാക്കാൻ പാടുള്ളൂ.

6. ഇതിനായി ശ്രീമതി/കുമാരി.............................. നെ പ്രസിഡന്റായും ............................. നെ സെക്രട്ടറിയായും തെരഞ്ഞെടുക്കാവുന്നതാണ്. യൂണിറ്റിലെ എല്ലാ അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ /ചുമതല വഹിക്കുന്ന അംഗങ്ങളുടെ സ്ഥാനങ്ങളെ ബഹുമാനിക്കുകയും സംരംഭത്തിന്റെ വളർച്ചയ്ക്കായുള്ള തീരുമാനങ്ങളിൽ പരിപൂർണ്ണ പങ്കാളിത്തം കാണിക്കേണ്ടതുമാണ്.

7. എല്ലാ ചുമതലപ്പെട്ട അംഗങ്ങളും അവരവർക്കായി തീരുമാനിക്കപ്പെട്ട ചുമതലകൾ സത്യസന്ധമായും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടെയും നിർവ്വഹിക്കേതാണ്.

8. എല്ലാ യൂണിറ്റംഗങ്ങളുടേയും പൊതുവായ അംഗീകാരമില്ലാതെ താൽക്കാലികമായോ, സ്ഥിരമായോ പുതിയ അംഗങ്ങളെ ചേർക്കാൻ പാടുള്ളതല്ല.

9. ഈ ഉടമ്പടി പ്രകാരം മരണപ്പെട്ട ഒരു ഗ്രൂപ്പംഗത്തിന്റെ ലാഭവിഹിതമോ കടബാധ്യതകളോ ചുമതലപ്പെട്ട അനന്തരാവകാശി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.

ഈ ഉടമ്പടി ലംഘിക്കുകയോ, വീഴ്ചവരുത്തുകയോ ചെയ്യുന്ന അംഗങ്ങൾക്കെതിരെ നിയമപരമായി നടപടി സ്വീകരിക്കപ്പെടാവുന്നതാണ്. അതിനാൽ ഈ ഉടമ്പടി ഞങ്ങൾ പൂർണ്ണമായും മനസിലാക്കുകയും അംഗീകരിക്കുകയും സ്വമനസാലെ പങ്കെടുക്കുകയും ചെയ്യുന്നു.

| അംഗങ്ങളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1)........................ | ...................... |
| 2)......................... | ...................... |
| 3)........................ | ...................... |

**സാക്ഷികൾ**

| സാക്ഷികളുടെ പേര് | ഒപ്പ്/വിരലടയാളം |
|---|---|
| 1) ....................... | ...................... |
| 2) ....................... | ...................... |

## സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യപ്പെടുന്ന അംഗങ്ങളുടെ വിവരങ്ങൾ

1. അയൽക്കൂട്ടത്തിന്റെ പേര് :
2. വാർഡ്
3. പ്രത്യാശ പദ്ധതിയുടെ ഗുണഭോക്താവാകാനുള്ള ക്ലേശ ഘടകം :
4. സംരംഭം ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളുടെ വിവരം

| ക്രമ നം. | പേര് | വയസ്സ് | അഡ്രസ്സ് | വിദ്യാഭ്യാസ യോഗ്യത | വ്യക്തി /ഗ്രൂപ്പ് | ഫോൺ നം | താല്പര്യപ്പെടുന്ന സംരംഭ മേഖല | ടി സംരംഭ മേഖല തെരഞ്ഞെടുക്കാനുള്ള കാരണം |
|---|---|---|---|---|---|---|---|---|
| 1. | | | | | | | | |
| 2. | | | | | | | | |
| 3. | | | | | | | | |
| 4. | | | | | | | | |

# ഗ്രൂപ്പ് സംരംഭകരുടെ വിവരങ്ങൾ

| സംരംഭത്തിന്റെ പേരും വിലാസവും | എ. ഡി. എസ്സിന്റെ പേര് | സി. ഡി. എസ്സിന്റെ പേര് |
|---|---|---|
| | | |

**സംരംഭകരെ സംബന്ധിക്കുന്ന വ്യക്തിഗത വിവരങ്ങൾ**

| ക്രമ നമ്പർ | സംരംഭകരുടെ പേരും മേൽവിലാസവും | വയസ്സ് | വിദ്യാഭ്യാസ യോഗ്യത | കാറ്റഗറി | അയൽകൂട്ടത്തിന്റെ പേര് | അംഗമായ തിയ്യതി | ലഘു സമ്പാദ്യം | റേഷൻ കാർഡ് നമ്പർ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

സംരംഭകരെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ടി സംരംഭകരുടെ അപേക്ഷകൾ നമ്പർ ...................... തിയ്യതി ...................... തീരുമാനപ്രകാരം സി. ഡി. എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തികൊള്ളുന്നു. ടി സംരംഭകർ ............................ ആയതിനാൽ പ്രത്യാശ പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവുന്നതാണ്.

**സി.ഡി. എസ്. ചെയർപേഴ്സൺ (ഒപ്പ്)** **മെമ്പർ സെക്രട്ടറി (ഒപ്പ്)**

**(സീൽ)**

*അനുബന്ധം 4*

## വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യപ്പെടുന്ന അംഗത്തിന്റെ വിവരങ്ങൾ

ഫോട്ടോ

| സംരംഭത്തിന്റെ പേരും വിലാസവും | എ. ഡി. എസ്സിന്റെ പേര് | സി. ഡി. എസ്സിന്റെ പേര് |
|---|---|---|
| | | |

## സംരംഭകരെ സംബന്ധിക്കുന്ന വ്യക്തിഗത വിവരങ്ങൾ

| ക്രമ നമ്പർ | സംരംഭകയുടെ പേരും മേൽവിലാസവും | വയസ്സ് | വിദ്യാഭ്യാസ യോഗ്യത | കാറ്റഗറി | അയൽകൂട്ടത്തിന്റെ പേര് | അംഗമായ തിയ്യതി | ലഘു സമ്പാദ്യം | റേഷൻ കാർഡ് നമ്പർ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

സംരംഭകരെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും ടി സംരംഭകരുടെ അപേക്ഷകൾ നമ്പർ ...................... തിയ്യതി ...................... തീരുമാനപ്രകാരം സി. ഡി. എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തികൊള്ളുന്നു. ടി സംരംഭകർ ............................ ആയതിനാൽ പ്രത്യാശ പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവുന്നതാണ്.

**സി.ഡി. എസ്. ചെയർപേഴ്സൺ (ഒപ്പ്)** **മെമ്പർ സെക്രട്ടറി (ഒപ്പ്)**

**(സീൽ)**

*അനുബന്ധം 4*

## പ്രത്യാശ പദ്ധതി പ്രകാരമുള്ള വ്യക്തിഗത സംരംഭം സി.ഡി.എസ്സും തമ്മിലുള്ള ആന്തരിക ഉടമ്പടിയുടെ ഫോർമാറ്റ്

ഈ ഉടമ്പടി .................... ൽ നിലവിൽ വരുന്നതും .............. സംരംഭത്തിലെ ............ അംഗവും തമ്മിലുള്ള ആന്തരിക പരസ്പര ഉടമ്പടിയുമായിരിക്കും. ഈ ഉടമ്പടിയിൽ പങ്കെടുക്കുന്ന അംഗം

1. ശ്രീ/ശ്രീമതി/കുമാരി ................................ എന്ന ഞാൻ ..................... എന്ന വ്യക്തിയുടെ ഭാര്യ / മകൾ ആയിരിക്കുന്നതും നിലവിൽ .................... വയസ് പൂർത്തിയായ വ്യക്തിയുമാണ്. ഞാൻ ........... വർഷങ്ങളായി ...................... എന്ന പഞ്ചായത്തിൽ സ്ഥിര താമസമാണ് എന്ന് ഇതിനാൽ പ്രസ്താവിച്ചു കൊള്ളുന്നു.

   ഞാൻ ...................................... എന്ന ......................................... പഞ്ചായത്തിലെ .............................. വാർഡിലെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങമാണെന്നും (പ്രത്യാശ/ വ്യക്തിഗത സംരംഭം) .................. സംരംഭം എന്ന് അറിയപ്പെടുകയും ചെയ്യുന്നതാണ്. ഞാൻ സ്വമനസ്സാലെ സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനായും അതേത്തുടർന്നുള്ള നേട്ടങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾക്കനുസരണമായി പൊതുവായ ക്ഷേമത്തിനു വേണ്ടി മാറ്റി വയ്ക്കുകയും ചെയ്യുന്നതാണ്.

**പൊതുവായ നിബന്ധനകൾ**

1. ഈ സംരംഭത്തിന്റെ വികസനത്തിനായി ................... തുക വിഹിതമായി നൽകുന്നതാണ്.

2. ഈ സംരംഭത്തിന്റെ പരിപൂർണ്ണ വിജയത്തിനായി അക്ഷീണം പരിശ്രമിക്കുകയും ഒരുതരത്തിലും സംരംഭത്തിന്റെ വളർച്ചയ്ക്ക് കോട്ടം തട്ടുന്ന രീതിയിൽ പ്രവർത്തിക്കുകയില്ല എന്ന് ഇതിനാൽ ഉറപ്പുനൽകുന്നു

3. സംരംഭത്തിന്റെ കടബാധ്യതകളും മറ്റുത്തരവാദിത്വങ്ങളും സ്വയം ഏറ്റെടുക്കുന്നതായിരിക്കും.

4. സൂക്ഷ്മ സംരംഭത്തിന്റെ ദൈനംദിന ചുമതലകളും, മറ്റുള്ള ചുമതലകളും വിജയകരമായി നിർവ്വഹിക്കുന്നതാണ് ...

5. എനിക്ക് നൽകിയിട്ടുള്ള ചുമതലകൾ സത്യസന്ധമായും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടെയും നിർവ്വഹിക്കുന്നതാണ്.

6.

ഈ ഉടമ്പടി ലംഘിക്കുകയോ, വീഴ്ചവരുത്തുകയോ ചെയ്യുന്ന പക്ഷം നിയമപരമായി നടപടി സ്വീകരിക്കാവുന്നതാണ്. അതിനാൽ ഈ ഉടമ്പടിയിൽ പൂർണ്ണമായും മനസിലാക്കുകയും അംഗീകരിക്കുകയും സ്വമനസാലെ പങ്കെടുക്കുകയും ചെയ്യുന്നു.

അംഗത്തിന്റെ പേര് ഒപ്പ്/വിരലടയാളം

1)…………………… ………………….

**സാക്ഷികൾ**

സാക്ഷികളുടെ പേര് ഒപ്പ്/വിരലടയാളം

1) …………………… ………………….

2) …………………… ………………….

## പഞ്ചായത്ത് കത്തിന്റെ ഫോർമാറ്റ്

**അനുബന്ധം 5**

1. ആമുഖം
2. ഉദ്ദേശ്യം
3. ലക്ഷ്യം
4. സംരംഭം കൊണ്ടുള്ള നേട്ടങ്ങൾ
5. ഗുണഭോക്താക്കൾ (ഗുണഭോക്തൃ വിവരങ്ങൾ അനുബന്ധം 3, 4 പ്രകാരം ലഭ്യമാക്കിയത്) ഇതോടൊപ്പം ചേർക്കുക
6. സംരംഭ മേഖല (ഉല്പാദനം/സേവനം/കൃഷി)
7. ലൊക്കേഷൻ (ലഭ്യമായ സ്ഥലത്തെക്കുറിച്ച് വിവരിക്കുക)

    സ്ഥലം

    ഫോട്ടോ

    നവീകരണങ്ങൾ ആവശ്യമുള്ളത്

    ഇതിനാവശ്യമായ തുക

8. മെഷിനറികൾ

| ക്രമ നം | മെഷിനറികൾ | ഫോട്ടോ | സ്പെസിഫിക്കേഷൻ | കപ്പാസിറ്റി | തുക (രൂപ) | റഫറൻസ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

9. പരിശീലനങ്ങൾ
   (സംരംഭകർക്ക് ആവശ്യമായി വരുന്ന പരിശീലനങ്ങൾ വിവരിക്കുക)
10. വിപണനം/സേവനങ്ങൾ

(സംരംഭ രുപീകരണത്തിലൂടെ വരുമാന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിന് കണ്ടെത്തിയ മാർഗ്ഗങ്ങൾ വിവരിക്കുക)

11. അക്കൗണ്ടിംഗ്/ഓഡിറ്റിംഗ്
(സംരംഭങ്ങളുടെ വാർഷിക ഓഡിറ്റിംഗ് നടത്തിപ്പിനെക്കുറിച്ച് വിവരിക്കുക)

12. നിയമ കാര്യങ്ങൾ
കെട്ടിടത്തിനും സംരംഭത്തിനും ആവശ്യമായ ലൈസൻസുകളും മറ്റ് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കികയതും തുടർന്ന ലഭ്യമാക്കേണ്ടതിനെക്കുറിച്ചും വിവരിക്കുക

13. മോണിറ്ററിംഗ്
സംരംഭത്തിന്റെ മേൽനോട്ടത്തിന് ചുമതലയുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് വിവരിക്കുക

14. സാമ്പത്തിക അവലോകനം

| Particulars | Amount (in Rs.) |
|---|---|
| Fixed Assets | |
| Total Fixed Cost | |
| Working Capital | |
| Preoperative Cost | |
| Total Capital Required | |
| Source of fund<br><br>Fund from Kudumbashree<br><br>1. Machinery<br>2. Infrastructure Development<br>3. Training<br>4. Packing , Marketing Support, Broachers | |

| | |
|---|---|
| Bank Loan | |
| Prinicpal Amount paid Every year | |
| Interest | |
| EMI | |

**Depreciation Table**

| Description | Orginal Value | Depriciation | Book Value |
|---|---|---|---|
| Machinery (10%) | | | |
| Furniture (15%) | | | |
| Total | | | |

Cost

| Description | Quantity | Rate | Total |
|---|---|---|---|
| Variable cost | | | |
| **Total Variable cost** | | | |
| Fixed cost | | | |
| **Total Fixed Cost** | | | |
| **Total Cost** | | | |

| | | | |
|---|---|---|---|
| | | | |
| | | | |

**Revenue**

| Sl.No. | Description | Quantity | Rate | Total |
|---|---|---|---|---|
| | | | | |
| | | | Total Revenue | |

Profit and Loss Statement

| Description | Amount (in Rs.) |
|---|---|
| Total Revenue | ……………………………. (a) |
| Total Variale cost | ………………………………(b) |
| Total Fixed asset | ………………………………(c) |
| Total Cost (b) + (c) | ………………………………….(d) |
| Retained Earnings (a) – (d) | |

CASH FLOW STATEMENT

| Description | 0 year | 1st year |
|---|---|---|
| Opening Balance | 00 | |
| Cash Inflow | | |
| Fund from Kudumbashree | | |
| Bank Loan | | |

| | | |
|---|---|---|
| Sales Revenue | | |
| Total Inflow | | |
| Total Outflow | | |
| a. Fixed Asset | | |
| b. Current Asset | | |
| c. Pre- Operative Expenses | | |
| d. Other expenses | | |
| e. Marketing Support | | |
| f. Depriciaiton | | |
| g. Interest | | |
| h. License and registration | | |
| i. Loan Repayment | | |
| Total Outflow | | |
| Cash Balance | | |

Balance Sheet

Asset

| Description | 0 year | 1st year |
|---|---|---|
| Fixed Asset | | |
| Current Asset | | |

| | | |
|---|---|---|
| Pre – opeartive cost | | |
| Depriciation | | |
| Cash Balance | | |
| Total | | |

Liability

| | | |
|---|---|---|
| Description | | |
| Fund from<br>Kudumbashree | | |
| Bank loan | | |
| Retained Earnings | | |
| Total | | |
| | | |